**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 228** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രം ആവശ്യത്തിന് കോവിഡ് വാക്സിൻ ലഭ്യമാക്കാത്ത സാഹചര്യത്തിൽ കേരളം സ്വന്തം നിലയിൽ ആഗോള ടെണ്ടർ വിളിച്ച് വാക്സിൻ വാങ്ങാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിന്റെ തുടർനടപടികൾ വിശദമാക്കാമോ; | (എ) | കേന്ദ്രസർക്കാരിൽ നിന്നും ആവശ്യമായ അളവിൽ കോവിഡ് വാക്സിൻ ലഭ്യമാകാത്ത സാഹചര്യത്തിൽ മൂന്നു കോടി കോവിഡ് വാക്സിൻ സംഭരിക്കുന്നതിനായി ആഗോള തലത്തിൽ ദർഘാസ് ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18.05.2021 ന് കോർപ്പറേഷൻ ആഗോള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിന്റെ പ്രീ-ടെണ്ടർ മീറ്റിംഗ് 25.05.2021 ന് ഓൺലൈനായി നടത്തിയിരുന്നു. ദർഘാസ് വ്യവസ്ഥ പ്രകാരം 07.06.2021 ആണ് ദർഘാസ് ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി. പ്രസ്തുത ദർഘാസിന്റെ സാങ്കേതിക ബിഡുകൾ 10.06.2021-ൽ തുറന്നു പരിശോധിക്കുന്നതും, അതിൽ യോഗ്യത നേടുന്ന വിതരണക്കാരുടെ പ്രൈസ് ബിഡുകൾ തുറന്നു പരിശോധിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന ബിഡർക്ക് ലെറ്റർ ഓഫ് ഇന്റന്റും വിതരണോത്തരവും നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ആകെ ദർഘാസ് അളവായ 3 കോടി ഡോസ് കോവിഡ് വാക്സിനിൽ, 25% വീതമുള്ള 4 തവണകളായാണ് വിതരണോത്തരവുകൾ നൽകുന്നത്. അത്തരത്തിൽ നൽകുന്ന ഓരോ വിതരണോത്തരവും ടി ഉത്തരവ് നൽകുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ വിതരണം പൂർത്തീകരിക്കണം എന്നതാണ് ദർഘാസ് വ്യവസ്ഥ. |
| (ബി) | ഇതിന്റെ ഭാഗമായി എപ്പോൾ വാക്സിൻ ലഭ്യമാക്കാൻ കഴിയുമെന്നറിയിക്കാമോ? | (ബി) | കേന്ദ്രസർക്കാരിൽ നിന്നും ആവശ്യമായ അളവിൽ കോവിഡ് വാക്സിൻ ലഭ്യമാകാത്ത സാഹചര്യത്തിൽ മൂന്നു കോടി കോവിഡ് വാക്സിൻ സംഭരിക്കുന്നതിനായി ആഗോള തലത്തിൽ ദർഘാസ് ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ<br>അടിസ്ഥാനത്തിൽ 18.05.2021 ന് കോർപ്പറേഷൻ<br>ആഗോള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത<br>ദർഘാസിന്റെ പ്രീ-ടെണ്ടർ മീറ്റിംഗ് 25.05.2021 ന്<br>ഓൺലൈനായി നടത്തിയിരുന്നു. ദർഘാസ്<br>വ്യവസ്ഥ പ്രകാരം 07.06.2021 ആണ് ദർഘാസ്<br>ഓൺലൈനായി സമർപ്പിക്കേണ്ട അവസാന<br>തീയതി. പ്രസ്തുത ദർഘാസിന്റെ സാങ്കേതിക<br>ബിഡുകൾ 10.06.2021-ൽ തുറന്നു<br>പരിശോധിക്കുന്നതും, അതിൽ യോഗ്യത നേടുന്ന<br>വിതരണക്കാരുടെ പ്രൈസ് ബിഡുകൾ തുറന്നു<br>പരിശോധിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന<br>ബിഡർക്ക് ലെറ്റർ ഓഫ് ഇന്റന്റും വിതരണോത്തരവും<br>നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ആകെ<br>ദർഘാസ് അളവായ 3 കോടി ഡോസ് കോവിഡ്<br>വാക്സിനിൽ, 25% വീതമുള്ള 4 തവണകളായാണ്<br>വിതരണോത്തരവുകൾ നൽകുന്നത്. അത്തരത്തിൽ<br>നൽകുന്ന ഓരോ വിതരണോത്തരവും ടി ഉത്തരവ്<br>നൽകുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ<br>വിതരണം പൂർത്തീകരിക്കണം എന്നതാണ് ദർഘാസ്<br>വ്യവസ്ഥ. |

സെക്ഷൻ ഓഫീസർ